**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3148** **07-10-2025 - ൽ മറുപടിയ്ക്ക്**

**വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി എടുത്തിട്ടുള്ള കടം**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><th colspan="2">ശ്രീ എം നൗഷാദ്</th><th colspan="2">ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)</th></tr>
<tr><td>(എ)</td><td>കേരള വാട്ടർ അതോറിറ്റി വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഏതെല്ലാം ഏജൻസികളിൽ നിന്നും എത്ര തുക വീതം കടം എടുത്തിട്ടുണ്ടെന്ന് അറിയിക്കാമോ;</td><td>(എ)</td><td>കേരളാ വാട്ടർ അതോറിറ്റി കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനായി സർക്കാർ ഗ്യാരണ്ടിയിൽ L.I.C യിൽ നിന്നും HUDCO യിൽ നിന്നും 2003-ൽ 338.11 കോടി രൂപ വായ്പ എടുത്തിട്ടുണ്ട്.</td></tr>
<tr><td>(ബി)</td><td>ഇതിൽ ഏതെല്ലാം ഏജൻസികൾ എത്ര തുക വീതം തിരിച്ചടച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;</td><td>(ബി)</td><td>വായ്പാ തുക യഥാസമയം തിരിച്ചടച്ച് വരുന്നു. 2028-29 സാമ്പത്തിക വർഷം കൊണ്ട് ഈ ലോൺ തുക പൂർണ്ണമായും തിരിച്ചടയ്ക്കുന്നതാണ്. 31.03.2025 ലെ കണക്കനുസരിച്ച് ഇനി L.I.C ക്കു തിരിച്ചു അടയ്ക്കുവാനുള്ള വായ്പ തുക 11.29 കോടി രൂപയാണ്. പ്രതിവർഷം അടയ്ക്കേണ്ട തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><table><tr><td>വർഷം</td><td>തുക (കോടിയിൽ)</td></tr><tr><td>2025-26</td><td>3.76</td></tr><tr><td>2026-27</td><td>3.43</td></tr><tr><td>2027-28</td><td>3.43</td></tr><tr><td>2028-29</td><td>0.67</td></tr><tr><td>ആകെ</td><td>11.29</td></tr></table><br>പലിശ നിരക്ക് 9 ശതമാനം ആണ്.</td></tr>
<tr><td>(സി)</td><td>വാട്ടർ അതോറിറ്റി എടുത്തിട്ടുള്ള കടം തിരിച്ചടയ്ക്കുന്നതിന്റെ ഉത്തരവാദിത്തം വാട്ടർ അതോറിറ്റിക്കാണോ അതോ സർക്കാരിനാണോ എന്ന് വ്യക്തമാക്കാമോ;</td><td>(സി)</td><td>ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വാട്ടർ അതോറിറ്റി എടുത്തിട്ടുള്ള കടം തിരിച്ചടയ്ക്കുന്നതിന്റെ പൂർണമായ ഉത്തരവാദിത്തം വാട്ടർ അതോറിറ്റിക്കാണ് .</td></tr>
<tr><td>(ഡി)</td><td>ജിക്ക പദ്ധതിയുമായി ബന്ധപ്പെട്ട് എടുത്ത വായ്പ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?</td><td>(ഡി)</td><td>കേരള സംസ്ഥാനത്ത് ജപ്പാൻ ഇന്റർനാഷനൽ ഏജൻസി മുഖാന്തിരം കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനായി സംസ്ഥാന സർക്കാർ വായ്പ എടുക്കുകയും ഇമ്പ്ലിമെന്റിങ് ഏജൻസി ആയ കെ.ഡബ്യു.എ.യ്ക്ക് ലോൺ ശീർഷകമായ 6215-01-190-98 എന്ന ശീർഷകത്തിൽ 2016-17 സാമ്പത്തിക വർഷം വരെ ബജറ്റ് വിഹിതം അനുവദിച്ചു നൽകിയിട്ടുണ്ട്. കേരളത്തിലെ അഞ്ചു പ്രദേശങ്ങളായ</td></tr>
</table>

| | | | |
|---|---|---|---|
| | | | തിരുവനന്തപുരം, കോഴിക്കോട്, മീനാട് , ചേർത്തല, പട്ടുവം തുടങ്ങിയ സ്ഥലങ്ങളിൽ ജിക്ക പ്രൊജക്റ്റ് വഴി ലക്ഷകണക്കിനു ആളുകൾക്ക് കുടിവെള്ള വിതരണം ഉറപ്പാക്കുക എന്നതായിരുന്നു പദ്ധതിയുടെ ലക്ഷ്യം. പദ്ധതി നിർവഹണത്തിനായി ലോൺ ശീർഷകത്തിൽ ബജറ്റ് വിഹിതം അനുവദിച്ചുവെങ്കിലും അതോറിറ്റിയുടെ സാമ്പത്തിക സ്ഥിതിയും ഫണ്ടുകളുടെ അപര്യാപ്തത മൂലവും തിരിച്ചടവുകൾ സാധ്യമായിട്ടില്ല.<br><br>വാട്ടർ അതോറിറ്റിയെ സാമ്പത്തികമായി ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 31.03.2007 വരെ വാട്ടർ അതോറിറ്റി വായ്പ ഇനത്തിൽ നൽകുവാനുള്ള 1004.81 കോടി രൂപയുടെ പലിശയും പിഴ പലിശയും 2008-2009 ബജറ്റ് പ്രഖ്യാപനത്തിലൂടെ എഴുതി തള്ളുകയും 713.22 കോടി രൂപയുടെ സർക്കാർ വായ്പ ഓഹരി മൂലധനമായി മാറ്റുകയും ചെയ്തു. 2007-2008 മുതൽ 2016-2017 വരെ കാലയളവിൽ ലോൺ ശീർഷകത്തിൽ 2332.63 കോടി രൂപ ലഭിക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ